പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 362 — 15.07. 2015 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജു<br>ശ്രീ.വി.ശശി | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലും ഏതെല്ലാം സംസ്ഥാനങ്ങളിലുള്ളവരാണെന്ന വ്യക്തമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള അന്യ സാംസ്ഥാന തൊഴിലാളികളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ പശ്ചിമ ബംഗാൾ, ബീഹാർ, ആസ്സാം തുടങ്ങിയ സംസ്ഥാനക്കാരാണ് കൂടുതലായി കേരളത്തിൽ ജോലി ചെയ്ത് വരുന്നത്. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകാറുണ്ടോ; എങ്കിൽ തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടോ; | (ബി) കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ട്. നിലവിലുള്ള തൊഴിൽ നിയമപ്രകാരം തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കുന്നതിന് വ്യവസ്ഥയില്ല. |
| (സി) അന്യ സംസ്ഥാന തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതിന് മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഘങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (സി) അന്യ സംസ്ഥാന തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതിന് മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ